Draft #1 of File 24130/AC A5-1/2020/AC A 5 Approved by ASSISTANT REGISTRAR III (ACADEMIC) on 22-Jun-2020 04:21 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

16.06.2020 ന ചേർന്ന സി.എസ്.എസ് അക്കാദമിക് ഉപദേശക സമിതി യോഗത്തിന്റെ ശിപാർശകൾ - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്ന .

---

**അക്കാദമിക് എ 5 സെക്ഷൻ**

നമ്പർ. 2745/AC A 5/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 22.06.2020

---

*പരാമർശം:*-16.06.2020 - ന വൈസ് ചാൻസലറുടെ കോൺഫെറൻസ് ഹാളിൽ കൂടിയ സി.എസ്.എസ് അക്കാദമിക് ഉപദേശകസമിതി യോഗത്തിന്റെ മിനുട്സ് .

**ഉത്തരവ്**

മേൽ പരാമർശപ്രകാരം കൂടിയ സി.എസ്.എസ് അക്കാദമിക് ഉപദേശകസമിതി യോഗം താഴെ പറയുന്ന ശിപാർശകൾ കൈക്കൊണ്ടു .

1. സർവകലാശാലക്കു കീഴിലുള്ള സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് , സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലൊപ്മെന്റ് സ്റ്റഡീസ് , കെ.എൻ രാജ് സെന്റർ ഫോർ പ്ലാനിംഗ് ആൻഡ് സെന്റർ - സ്റ്റേറ്റ് ഫിനാൻഷ്യൽ റിലേഷൻസ് എന്നിവിടങ്ങളിലെ നാലാം സെമസ്റ്റർ പരീക്ഷകൾ ജൂൺ 23 നും ജൂലൈ 7 നമിടക്ക് നടത്തുന്നതിനും ബാക്കി പഠനവകുപ്പ /സെന്റർകളുടെ നാലാം സെമസ്റ്റർ പരീക്ഷകൾ ഓഗസ്റ്റ് 31- ന മുൻപായി നടത്തുന്നതിനും , ഓരോ ഫാക്കൽറ്റി കൗൺസിലും അതാത് ഡിപ്പാർട്മെന്റിന്റെ എക്സാം ഷെഡ്യൂൾ തയ്യാറാക്കി സർവകലാശാല കൺട്രോളർ ഓഫ് എക്സമിനേഷൻസ് ന സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്തു .

2. സർവകലാശാലക്കു കീഴിലുള്ള വിവിധ പഠനവകുപ്പ /സെന്റർകളുടെ മൂന്നാം സെമസ്റ്റർ ക്ലാസുകൾ ഓഗസ്റ്റ് 1- നോ അതിനു മുൻപോ ആരംഭിക്കുന്നതിനും , പ്രസ്തുത ക്ലാസുകൾ ആരംഭിക്കുന്നതിനുള്ള ഫീ റെജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നടപടികളിൽ പഠനവകുപ്പ /സെന്റർകൾ നിലവിൽ സ്വീകരിക്കുന്ന രീതി പിന്തുടരാമെന്നും സമിതി ശിപാർശ ചെയ്തു .

3. സർവകലാശാല പഠനവകുപ്പ /സെന്റർകളുടെ കീഴിലുള്ള വിവിധ പാഠ്യപദ്ധതിയുടെ സിലബസുകളുടെ 70% കൺവെൻഷനൽ രീതിയിലും ബാക്കി 20% മുതൽ 30% വരെ ഓൺലൈൻ കോഴ്സ് പ്ലാറ്റ്ഫോമിലും ഉൾപ്പെടുത്തി അധ്യയനം നടത്തുന്നതിനും , ഓൺലൈൻ സിലബസിനു അനുസൃതമാം വിധം സബ്ജക്ട് എക്സ്പെർട്സിനെ ഉൾപ്പെടുത്തി ഓൺലൈൻ കോഴ്സുകളുടെ ഘടന നിശ്ചയിക്കുന്നതിനും , ഓരോ പഠനവകുപ്പുകൾക്കും തങ്ങളുടെ പാഠ്യപദ്ധതിക്ക് അനുയോജ്യമായ സൗജന്യ ഓൺലൈൻ കോഴ്സുകൾ രാജ്യത്തിനകത്തും പുറത്തുമുള്ള മറ്റു മികച്ച യൂണിവേഴ്സിറ്റികൾ , SWAYAM പ്ലാറ്റ്ഫോം എന്നിവിടങ്ങളിൽ നിന്നും തിരഞ്ഞെടുക്കുന്നതിനും ഉന്നത വിദ്യാഭാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 08.06.2020-ന സർവകലാശാലക്ക് നൽകിയ കത്തിൽ നിർദ്ദേശിച്ചിരുന്നു .

പ്രസ്തുത നിർദ്ദേശത്തിന്റെ സാധ്യതകൾ പരിശോധിച്ച ഉചിതമായ തീരുമാനം കൈകൊള്ളുവാൻ അതാത് ഫാക്കൽറ്റി കൗൺസിലിനെ ചുമതലപെടുത്തുകയും , പ്രസ്തുത വിഷയത്തിന്മേൽ ഫാക്കൽറ്റി കൗൺസിൽ കൈക്കൊള്ളുന്ന തീരുമാനം 26.06.2020 - നു മുൻപായി സർവ്വകലാശാലയെ അറിയിക്കുന്നതിനും സമിതി ശിപാർശ ചെയ്തു .

4 . സർവകലാശാലക്ക് കീഴിലെ പഠനവകുപ്പ /സെന്റർകൾക്ക് അനുയോജ്യമാം വിധം പരീക്ഷ രീതി Multiple Choice Questions ഘടനയിലേക്കു മാറ്റുന്നതിന്റെ സാധ്യതകൾ പരിശോധിക്കാൻ അതാത് പഠനവകുപ്പ /സെന്റർ ഫാക്കൽറ്റി കൗൺസിലിനെ ചുമതലപെടുത്തുവാൻ ശിപാർശ ചെയ്തു .

5. COVID 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പ്രാക്ടിക്കൽ പരീക്ഷകൾ കണ്ടിന്യുയോസ് ഇവാലുവേഷൻ ആൻഡ് അസ്സെസ്സ്മെന്റ് ആയി ഉൾപെടുത്തുന്നതിനു വ്യക്തമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് പഠനവകുപ്പ /സെന്റർ ഫാക്കൽറ്റി കൗൺസിലിനെ ചുമതലപെടുത്താൻ ശിപാർശ ചെയ്തു.

6.ഓപ്പൺ സോഴ്സ് ലേർണിംഗ് മാനേജ്മന്റ് പ്ലാറ്റ്ഫോം ആയ മൂഡിൽ - ൽ സർവകലാശാലക്ക് ഉപയോഗിക്കാവുന്ന ഡൊമൈൻ നെയിം ആയി "വിദ്യാമൃതം" എന്ന പേര് തിരഞ്ഞെടുത്തത് സമിതിയിൽ റിപ്പോർട്ട് ചെയ്തത് അംഗീകരിക്കാൻ ശിപാർശ ചെയ്തു.

7. ഓരോ പഠനവകുപ്പ /സെന്റർകളും ഓൺലൈൻ ക്ലാസ്സുകൾക്കനുയോജ്യമായി തങ്ങളുടെ സ്മാർട്ട് ക്ലാസ് റൂമുകൾ സജ്ജമാക്കണമെന്നു ശിപാർശ ചെയ്തു .

8. പ്രസ്തുത ഓൺലൈൻ പഠന പദ്ധതി പ്രയോജനപ്പെടുത്തുന്നതിനുള്ള അവസരം ഒരു വിദ്യാർഥിക്കും നിഷേധിക്കപെടുന്നില്ല എന്നുറപ്പുവരുത്തുവാൻ അതാത് പഠനവകുപ്പ /സെന്റർകൾ പ്രത്യേകം നടപടികൾ സ്വീകരിക്കുവാനും , സർവകലാശാല തലത്തിൽ ഒരു COVID-19 റിഡ്രസ്സൽ സെൽ രൂപീകരിക്കുന്നതിനും ശിപാർശ ചെയ്തു.

9. COVID -19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ നിലവിൽ എക്സ്റ്റെർണൽ ആയി നടത്തുന്ന ബിരുദാനന്തര ബിരുദ പ്രോഗ്രാമ്മുകളിലെ രണ്ടും , നാലും സെമെസ്റ്ററുകളിലെ എൻഡ് സെമസ്റ്റർ പരീക്ഷകൾ ഇന്റെർനൽ പരീക്ഷകളായി നടത്തുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം കൈകൊള്ളുന്നതിനും , COVID 19 - ന്റെ പശ്ചാത്തലത്തിൽ പ്രോജെക്റ്റ് വർക്ക് ഇതുവരെ തുടങ്ങാൻ കഴിയാത്ത വിദ്യാർത്ഥികൾക്കും , തുടങ്ങി പൂർത്തീകരിക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്കും പ്രസ്തുത വിഷയത്തിന്മേൽ ഉചിതമായ മാർഗ്ഗനിർദ്ദേശം നല്കുന്നതിനും അതാത് ഫാക്കൽറ്റി കൗൺസിലിനെ ചുമതലപ്പെടുത്താൻ സമിതി ശിപാർശ ചെയ്തു.

10. സർവകലാശാല തയ്യാറാക്കിയ സി.എസ്.എസ് 2020 ഡ്രാഫ്റ്റ് റെഗുലേഷൻ എല്ലാ പഠനവകുപ്പ /സെന്ററുകളും അതാതു ഫാക്കൽറ്റി കൗൺസിൽ കൂടി സൂക്ഷ്മമായി ചർച്ച ചെയ്യേണ്ടതും , ഡ്രാഫ്റ്റ് റെഗുലേഷനിൽമേലുള്ള നിർദ്ദേശങ്ങൾ 24.06.2020 -നു മുൻപ് റെഗുലേഷൻ റിവിഷൻ കമ്മിറ്റി മുൻപാകെ അറിയിക്കേണ്ടതും , ആയതിനു ശേഷം റിവൈസ്ഡ് സി.എസ്.എസ് റെഗുലേഷൻസ് 2020- നെ ആസ്പദമാക്കിയുള്ള ഒരു വർക്ക് ഷോപ്പ് 24.06.2020- രാവിലെ 10.30 -നു നടത്തുന്നതിനും

Draft #1 of File 24130/AC A5-1/2020/AC A 5 Approved by ASSISTANT REGISTRAR III (ACADEMIC) on 22-Jun-2020 04:21 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ശിപാർശ ചെയ്തു.

11. പുതിയ അധ്യയന വർഷം ( സെപ്റ്റംബർ 2020 ) മുതലാരംഭിക്കേണ്ടുന്ന Outcome based syllabus revision നെ സംബന്ധിച്ച ഒരു ട്രെയിനിങ് വർക്ക് ഷോപ് ഐ.ക്യു.എ.സി വിഭാഗത്തിന്റെ നേതൃത്വത്തിൽ നടത്തുന്നതിന് സമിതി ശിപാർശ ചെയ്തു.

12. സർവകലാശാലക്ക് കീഴിലുള്ള വിവിധ പഠനവകുപ്പ /സെന്ററുകളിലെ ഗസ്റ്റ് ഫാക്കൽറ്റികൾക്ക് ഓഫ്‌ലൈൻ ക്ലാസ്സുകൾക്ക് നൽകിവന്നിരുന്ന അതെ വേതനം തന്നെ ഓൺലൈൻ ക്ലാസ്സുകൾക്കും നൽകുന്നതിന് സമിതി ശിപാർശ ചെയ്തു.

13. സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലൊപ്മെന്റ് സ്റ്റഡീസ് പഠനവകുപ്പിലെ 2017 അഡ്മിഷൻ എം.ഫിൽ ഗാന്ധിയൻ സ്റ്റഡീസ് / എം.ഫിൽ ടെവേലോപ്മെന്റ് സ്റ്റഡീസ് പരീക്ഷാർത്ഥികൾക്ക് പ്രവേശന വർഷത്തിന് അനുയോജ്യമായ രീതിയിൽ രജിസ്റ്റർ നമ്പറുകൾ പുനഃക്രമീകരിച്ചു 2019 ഏപ്രിൽ മാസം നടന്ന പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനും , തുടർന്നുള്ള വർഷങ്ങളിലും പരീക്ഷാർത്ഥികൾക്ക് രജിസ്റ്റർ നമ്പറുകൾ നൽകേണ്ടത് പ്രവേശന വർഷത്തിന് അനുയോജ്യമാം വിധമാകണമെന്നും പഠനവകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകുന്നതിന് സമിതി ശിപാർശ ചെയ്തു.

14. COVID-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലൊപ്മെന്റ് സ്റ്റഡീസ് എം.എ ഗാന്ധിയൻ സ്റ്റഡീസ് / എം.എ ഡെവലൊപ്മെന്റ് സ്റ്റഡീസ് എക്സ്ടെർണൽ പേപ്പർ സെറ്റിങ്ങും മൂല്യ നിർണയവും ഒഴിവാക്കി ഇന്റേർണൽ പേപ്പർ സെറ്റിങ്ങും മൂല്യനിർണയവും മാത്രമായി നിജപ്പെടുത്തുന്നതിനും , നാലാം സെമസ്റ്റർ ബ്ലോക്ക് പ്ലേസ്മെന്റ് - ഉം ഫീൽഡ് വർക്കും ലോക്ഡോൺ മൂലം പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല എന്നതിനാൽ പൂർത്തിയാക്കിയ കാലയളവനുസരിച്ചുള്ള സമയം നിജപ്പെടുത്തി മൂല്യനിർണ്ണയം നടത്തുന്നതിനും വേണ്ട ക്രമീകരണങ്ങൾ നടത്താൻ പഠനവകുപ്പ് ഫാക്കൽറ്റി കൗൺസിലിനെ ചുമതലപെടുത്താൻ സമിതി ശിപാർശ ചെയ്തു.

സി.എസ്.എസ് അക്കാദമിക് ഉപദേശക സമിതി യോഗത്തിന്റെ പ്രസ്തുത ശിപാർശകൾ വൈസ് ചാൻസലർ അംഗീകരിച്ച ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)

പകർപ്പ്

1.എല്ലാ പഠന വകുപ്പ് / സെന്റേഴ്സ് വകുപ്പ് മേധാവികൾ .

2 . കൺവീനർ , സി എസ് .എസ് അക്കാദമിക് ഉപദേശക സമിതി .

Draft #1 of File 24130/AC A5-1/2020/AC A 5 Approved by ASSISTANT REGISTRAR III (ACADEMIC) on 22-Jun-2020 04:21 PM - Page 3

3 ..വൈസ് ചാൻസിലറുടെ പി.എസ് / പ്രൊ വൈസ് ചാൻസിലറുടെ പി.എസ് .

4 ..രജിസ്ട്രാറുടെ പി.എ / പരീക്ഷ കൺട്രോളറുടെ പി.എ /

ഫിനാൻസ് ഓഫീസസറുടെ പി. എ .

5 ..ജെ.ആർ 2 (admin) /ഡി.ആർ 2 , എ.ആർ 3 (academic)

6 ..എ.സി.എ 1 / എ. സി .സി 12 / എ.സി.ബി 6/ എ.സി.ബി 7 / എ.സി . എ 10.

7 ..സി.എം.എസ് /ഐ.ക്യൂ .എ.സി / സി .എസ് .എസ് . സെക്ഷൻ .

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 24130/AC A5-1/2020/AC A 5 Approved by ASSISTANT REGISTRAR III (ACADEMIC) on 22-Jun-2020 04:21 PM - Page 4